"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് - 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 - തടസ്സപ്പെട്ടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.254/2023/LSGD തീയതി,തിരുവനന്തപുരം, 29-01-2023

---

പരാമർശം:- 1. ജി.ഒ.(സാ.ധാ.) 3/12 തസ്വഭവ തീയതി 20/01/2012.
2. പഞ്ചായത്ത് ഡയറക്ടറുടെ 07/10/2022 ലെ PAN/12290 /2022-M3(DP) നമ്പർ കത്ത്.
3. 12/01/2023 -ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഡി.കെ.എസ്.എ/4183/ പി.റ്റി1 /2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) ചെലവഴിച്ചത് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ഓഡിറ്റ് വകുപ്പ് തടസ്സപ്പെട്ടുത്തിയിരുന്നു.

2. കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിൽ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്ക് കായികമാനസിക വളർച്ചയും നിയമ അവബോധവും വളർത്തിയെടുക്കുക എന്നത് അത്യന്താപേക്ഷിതമായ ഘടകമാണ് എന്ന വീക്ഷണത്തോട് കൂടിയാണ് സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് എന്ന പദ്ധതി ഏറ്റെടുത്തിരുന്നതെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയിട്ടുള്ളതും എന്നാൽ തനത് ഫണ്ട് പദ്ധതി ആവശ്യങ്ങൾക്കായി ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ടി പദ്ധതിയായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ നിന്നും തുക വിനിയോഗിച്ചിട്ടുള്ളതെന്ന് ഭരണസമിതി യോഗം വിലയിരുത്തുകയും ആയത് ആലപ്പുഴ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയോഗം അംഗീകരിച്ച്, പദ്ധതിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുള്ളതാണെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്

3. സ്റ്റുഡന്റ് കേഡറ്റുകളുടെ കായിക മാനസിക വളർച്ചയും നിയമ അവബോധവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിനായി തയ്യാറാക്കിയ പദ്ധതിയാണെന്നും തനതു ഫണ്ട് ലഭ്യമാകാത്ത സാഹചര്യമുണ്ടായതിനാലാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കാൻ നിർബന്ധിതമായതെന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം ( 13.11.18 ലെ 11(1)-ാം നമ്പർ തീരുമാനം), ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം (28.04.22 ലെ 6-ാം നമ്പർ തീരുമാനം) എന്നിവ പരിഗണിച്ച് കാർത്തികപ്പള്ളി

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 ലെ പരാമർശത്തിന് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുകൂല തീരുമാനം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല റിപ്പോർട്ടുകളും പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം തടസ്സപ്പെടുത്തിയ 30,000/- രൂപയ്ക്ക് (മുപ്പതിനായിരം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരളം, തിരുവനന്തപുരം.
സെക്രട്ടറി, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ് .
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി .
പകർപ്പ്:-ബഹു.തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ